| 16–08–2025 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളേ– നിങ്ങളുടെ പ്രധാന ലക്ഷ്യം ആത്ഭുതകരവും വർണ്ണശബളവുമായ ലോകത്തിന്റെ (സ്വർഗ്ഗം) അധികാരിയാവുക എന്നതാണ്, അതിനാൽ സദാ ഈ സന്തോഷത്തിൽ ഹർഷിതരായിരിക്കൂ, വാടിപ്പോകരുത്.**

**ചോദ്യം–** ഭാഗ്യശാലികളായ കുട്ടികളിൽ ഏതൊരു ഉത്സാഹമാണ് എപ്പോഴും ഉണ്ടായിരിക്കുക?
**ഉത്തരം–** പരിധിയില്ലാത്ത അച്ഛൻ നമ്മെ പുതിയ ലോകത്തിന്റെ രാജകുമാരിയും രാജകുമാരനുമാക്കി മാറ്റാനായി പഠിപ്പിക്കുകയാണ്. നിങ്ങൾക്ക് ഈ ഉത്സാഹത്തോടെ എല്ലാവർക്കും മനസ്സിലാക്കിക്കൊടുക്കാൻ സാധിക്കും അതായത് ഈ യുദ്ധത്തിൽ സ്വർഗ്ഗവും അടങ്ങിയിട്ടുണ്ട്. ഈ യുദ്ധത്തിനുശേഷം സ്വർഗ്ഗത്തിന്റെ വാതിൽ തുറക്കും– ഈ സന്തോഷത്തിൽ ഇരിക്കണം പിന്നെ വളരെ സന്തോഷത്തോടുകൂടി മറ്റുള്ളവർക്ക് മനസ്സിലാക്കിക്കൊടുക്കണം.

**ഗീതം–** ലോകം വർണ്ണശബളമാണ് ബാബാ..............

**ഓം ശാന്തി**. ലോകം വിവിധ വർണ്ണങ്ങൾ നിറഞ്ഞതാണ്, ഇത് ആരാണ് ബാബയോട് പറഞ്ഞത്? ഇപ്പോൾ ഇതിന്റെ അർത്ഥം മറ്റാർക്കും മനസ്സിലാക്കാൻ സാധിക്കില്ല. ബാബ മനസ്സിലാക്കിത്തന്നിട്ടുണ്ട് ഈ കളി വർണ്ണങ്ങൾ നിറഞ്ഞതാണ്. സിനിമയിലെല്ലാം വളരെ അധികം നിറങ്ങളിലുള്ള സീനുകളും സീനറികളും ഉണ്ടാകുമല്ലോ. ഇപ്പോൾ ഈ പഴയ ലോകത്തെ ആരും അറിയുന്നില്ല. നിങ്ങളിലും നമ്പർവൈസ് ആയാണ് സൃഷ്ടിയുടെ ആദി മദ്ധ്യ അന്ത്യത്തിന്റെ അറിവുള്ളത്. നിങ്ങൾക്ക് അറിയാം സ്വർഗ്ഗം എത്ര വർണ്ണശബളമാണ്, സുന്ദരമാണ്. അതിനെ ആരും അറിയുന്നില്ല. ആരുടേയും ബുദ്ധിയിൽ ഇല്ല, അത് അത്ഭുതകരമായ വർണ്ണശബളമായ ലോകമാണ്. ലോകത്തിലെ അതിശയങ്ങൾ എന്ന് പാടാറുണ്ട്– ഇത് നിങ്ങൾക്ക് മാത്രമേ അറിയൂ. നിങ്ങൾ തന്നെയാണ് ലോകാത്ഭുതത്തിനായി തന്റെ ഭാഗ്യത്തിന്റെ ആധാരത്തിൽ പുരുഷാർത്ഥം ചെയ്യുന്നത്. പ്രധാനലക്ഷ്യം ഉണ്ടല്ലോ. അതാണ് ലോകാത്ഭുതം, വളരെ വർണ്ണശബളമായ ലോകമാണ്, അവിടെ വജ്രങ്ങളും വൈഡൂര്യങ്ങളും പതിച്ച കൊട്ടാരങ്ങളുണ്ടാകും. നിങ്ങൾ ഒരു സെക്കന്റിൽ അത്ഭുതകരമായ വൈകുണ്ഠത്തിൽ എത്തിച്ചേരുന്നു. കളിക്കുന്നു, രാസലീല നടത്തുന്നു. തീർച്ചയായും അതിശയകരമായ ലോകമല്ലേ. ഇവിടെ മായയുടെ രാജ്യമാണ്. ഇതും എത്ര അത്ഭുതകരമാണ്. മനുഷ്യർ എന്ത് എന്തെല്ലാം ചെയ്തുകൊണ്ടിരിക്കുന്നു. ലോകത്തിലെ ആർക്കും നമ്മൾ നാടകം കളിച്ചുകൊണ്ടിരിക്കുകയാണ് എന്നത് അറിയില്ല. നാടകമാണെന്ന് മനസ്സിലാക്കിയാൽ നാടകത്തിന്റെ ആദി മദ്ധ്യ അന്ത്യത്തിന്റെ ജ്ഞാനം അറിയണം. നിങ്ങൾ കുട്ടികൾക്ക് അറിയാം ബാബയും എത്ര സാധാരണമാണ്. മായ തീർത്തും മറപ്പിക്കും. മൂക്കിന് പിടിച്ചു, ഇത് മറപ്പിച്ചു. ഇപ്പോഴിപ്പോൾ ഓർമ്മയിലായിരിക്കും, വളരെ ഹർഷിതമായിരിക്കും. ആഹാ! നമ്മൾ ലോകാത്ഭുതമായ സ്വർഗ്ഗത്തിന്റെ അധികാരിയായി മാറുകയാണ്, പിന്നീട് മറന്നുപോകുമ്പോൾ വാടിത്തളരുന്നു. കാട്ടുജാതിക്കാർ പോലും ഇത്രയും ബോധമില്ലാത്തവരായിരിക്കില്ല അത്രയും ബോധക്ഷയം സംഭവിക്കുന്നു. നമ്മൾ സ്വർഗ്ഗത്തിലേയ്ക്ക് പോവുകയാണ് എന്നത് അല്പം പോലും മനസ്സിലാക്കുന്നില്ല. നമ്മെ പരിധിയില്ലാത്ത അച്ഛൻ പഠിപ്പിക്കുകയാണ്. തീർത്തും ജഡമായി മാറുന്നു. ആ സന്തോഷവും ലഹരിയും ഉണ്ടാകില്ല. ഇപ്പോൾ ലോകാത്ഭുതത്തിന്റെ സ്ഥാപനയുണ്ടാവുകയാണ്. ലോകാത്ഭുതത്തിന്റെ രാജകുമാരൻ ശ്രീകൃഷ്ണനാണ്. ഇതും നിങ്ങൾക്ക് അറിയാം. കൃഷ്ണജന്മാഷ്ടമിയിലും ആരാണോ സമർത്ഥർ അവർ മനസ്സിലാക്കിക്കൊടുക്കും. ശ്രീകൃഷ്ണൻ അത്ഭുതകരമായ ലോകത്തിന്റെ രാജകുമാരനായിരുന്നു. ആ സത്യയുഗം പിന്നീട് എവിടെപ്പോയി! സത്യയുഗം മുതൽ ഏണിപ്പടി എങ്ങിനെയിറങ്ങി. സത്യയുഗത്തിൽ നിന്നും എങ്ങനെ കലിയുഗമായി? താഴെയിറങ്ങുന്ന കല എങ്ങനെയുണ്ടായി? നിങ്ങൾ കുട്ടികളുടെ ബുദ്ധിയിലേ വരൂ. ആ സന്തോഷത്തോടെ മനസ്സിലാക്കിക്കൊടുക്കണം. ശ്രീകൃഷ്ണൻ വരുകയാണ്. കൃഷ്ണന്റെ രാജ്യം വീണ്ടും സ്ഥാപിതമാവുകയാണ്. ഇത് കേട്ട് ഭാരതവാസികളും വളരെ സന്തുഷ്ടരാവണം. പക്ഷേ ആരാണോ ഭാഗ്യശാലികൾ അവർക്കേ ഈ ഉത്സാഹമുണ്ടാകൂ. ലോകത്തിലെ മനുഷ്യർ രത്നത്തെപ്പോലും കല്ലെന്നു കരുതി എറിഞ്ഞു കളയുന്നു. ഇത് അവിനാശിയായ ജ്ഞാനരത്നമല്ലേ. ഈ ജ്ഞാനരത്നങ്ങളുടെ സാഗരൻ അച്ഛനാണ്. ഈ രത്നങ്ങൾക്ക് വളരെ അധികം മൂല്യമുണ്ട്. ഈ ജ്ഞാനരത്നങ്ങൾ ധാരണ ചെയ്യണം. ഇപ്പോൾ ജ്ഞാനസാഗരനിൽ നിന്നും നേരിട്ട് കേൾക്കുകയാണ് അതിനാൽ മറ്റൊന്നും കേൾക്കേണ്ട ആവശ്യമില്ല. സത്യയുഗത്തിൽ ഇത് ഉണ്ടാവില്ല. അവിടെ എൽ. എൽ. ബിയോ സർജനോ ആവേണ്ട ആവശ്യമില്ല. അവിടെ ഈ ജ്ഞാനമേയില്ല. അവിടെ നിങ്ങൾ പ്രാലബ്ധം അനുഭവിക്കുകയാണ്. അതിനാൽ ജന്മാഷ്ടമിയിൽ കുട്ടികൾ വളരെ നന്നായി മനസ്സിലാക്കിക്കൊടുക്കണം. അനേകം തവണ മുരളിയിലും പഠിച്ചിട്ടുണ്ട്. കുട്ടികൾ വിചാര സാഗര

മഥനം ചെയ്യണം, അപ്പോഴെ പോയിന്റ്സ് ലഭിക്കുകയുള്ളു. പ്രഭാഷണം ചെയ്യണമെങ്കിൽ അതിരാവിലെ എഴുന്നേറ്റ് ഇരുന്ന് എഴുതണം, പിന്നീട് പഠിക്കണം. മറന്നുപോയ പോയിന്റ്സ് പിന്നീട് കൂട്ടിച്ചേർക്കണം. ഇതിലൂടെ നല്ല ധാരണയുണ്ടാകും എങ്കിലും എഴുതിയതു പ്രകാരം എല്ലാം പറയാൻ കഴിയില്ല. എന്തെങ്കിലുമൊക്കെ പോയിന്റ്സ് അപ്പോൾ മറന്നുപോകും. അതിനാൽ മനസ്സിലാക്കി കൊടുക്കണം, കൃഷ്ണൻ ആരാണ്, അവർ അത്ഭുതകരമായ ലോകത്തിന്റെ അധികാരിയാണ്. ഭാരതം തന്നെയായിരുന്നു സ്വർഗ്ഗം. ആ സ്വർഗ്ഗത്തിന്റെ അധികാരി ശ്രീകൃഷ്ണനായിരുന്നു. ഞങ്ങൾ നിങ്ങളെ സന്ദേശം കേൾപ്പിക്കുകയാണ് അതായത് ശ്രീകൃഷ്ണൻ വരുകയാണ്. രാജയോഗം ഭഗവാനാണ് പഠിപ്പിച്ചത്. ഇപ്പോഴും പഠിപ്പിച്ചുകൊണ്ടിരിക്കുകയാണ്. പവിത്രതയ്ക്കായും പുരുഷാർത്ഥം ചെയ്യിക്കുകയാണ് ഇരട്ടക്കിരീടധാരി ദേവതയാക്കി മാറ്റുന്നതിനായി. ഇതെല്ലാം കുട്ടികളുടെ സ്മൃതിയിൽ ഉണ്ടായിരിക്കണം. ആർക്കാണോ അഭ്യാസമുള്ളത് അവർക്ക് നല്ലരീതിയിൽ മനസ്സിലാക്കിക്കൊടുക്കാൻ സാധിക്കും. കൃഷ്ണന്റെ ചിത്രത്തിലും എഴുത്ത് ഒന്നാന്തരമാണ്. ഈ യുദ്ധത്തിനുശേഷം സ്വർഗ്ഗത്തിലേയ്ക്കുള്ള വാതിൽ തുറക്കും. ഈ യുദ്ധത്തിൽ സ്വർഗ്ഗം അടങ്ങിയിട്ടുണ്ട്. കുട്ടികൾ വളരെ സന്തോഷത്തിൽ ഇരിക്കണം, ജന്മാഷ്ടമിയിൽ ആളുകൾ പുതിയ വസ്ത്രങ്ങൾ ധരിക്കുന്നു. എന്നാൽ നിങ്ങൾ കുട്ടികൾക്ക് അറിയാം ഇവിടെ ഈ പഴയ ശരീരം ഉപേക്ഷിച്ച് പുതിയ സ്വർണ്ണിമ ശരീരം നേടും. സ്വർണ്ണിമ ശരീരം എന്ന് പറയാറില്ലേ അർത്ഥം സ്വർണ്ണത്തിന്റെ ശരീരം. ആത്മാവും പവിത്രം, ശരീരവും പവിത്രം. ഇപ്പോൾ സ്വർണ്ണമല്ല. നമ്പർവൈസ് ആയി ആവുകയാണ്. ഓർമ്മയുടെ യാത്രയിലൂടെയാണ് സ്വർണ്ണമാകുന്നത്. ബാബയ്ക്ക് അറിയാം ഓർമ്മിക്കുന്നതിനുള്ള വിവേകം പോലുമില്ലാത്ത ഒരുപാട് കുട്ടികളുണ്ട്. എപ്പോൾ ഓർമ്മിക്കുന്നതിനുള്ള പരിശ്രമം ചെയ്യുന്നുവോ അപ്പോഴേ ശബ്ദത്തിന് മൂർച്ചയുണ്ടാകൂ. ഇപ്പോൾ ആ ശക്തിയില്ല. യോഗമേയില്ല. ലക്ഷ്മീ നാരായണനായി മാറുന്നതിനുള്ള അടയാളങ്ങളും വേണമല്ലോ. പഠിപ്പ് വേണം. കൃഷ്ണ ജന്മാഷ്ടമിയിൽ മനസ്സിലാക്കിക്കൊടുക്കുന്നത് വളരെ സഹജമാണ്. കൃഷ്ണനെ ശ്യാമസുന്ദരൻ എന്ന് പറയാറുണ്ട്. കൃഷ്ണനേയും നാരായണനേയും രാമനേയും, എല്ലാവരേയും കറുത്തതായി ഉണ്ടാക്കിയിരിക്കുന്നു. ബാബ സ്വയം പറയുന്നു ആദ്യം ജ്ഞാനചിതയിൽ ഇരുന്ന് സ്വർഗ്ഗത്തിന്റെ അധികാരിയായി മാറിയ എന്റെ മക്കൾ എവിടെപ്പോയി. കാമചിതയിൽ ഇരുന്ന് നമ്പർവൈസ് ആയി താഴേയ്ക്ക് വീണു വന്നു. സൃഷ്ടിയും സതോപ്രധാനം, സതോ, രജോ, തമോ ആയിമാറുന്നു. അതിനാൽ മനുഷ്യരുടെ അവസ്ഥയും ഇതുപോലെയായി മാറുന്നു. കാമചിതയിൽ ഇരുന്ന് എല്ലാവരും കറുത്തു അർത്ഥം ശ്യാമനായി മാറിയിരിക്കുന്നു. ഇപ്പോൾ ഞാൻ വന്നിരിക്കുകയാണ് സുന്ദരനാക്കി മാറ്റാൻ. ആത്മാവിനെ സുന്ദരനാക്കി മാറ്റുന്നു. ബാബ ഓരോരുത്തരുടേയും പെരുമാറ്റത്തിലൂടെ മനസ്സിലാക്കും– മനസാ, വാചാ, കർമ്മണാ എങ്ങനെ നടക്കുന്നുവെന്ന്. കർമ്മം എങ്ങനെ ചെയ്യുന്നു എന്നതിൽ നിന്നും അറിയാൻ കഴിയും. കുട്ടികളുടെ പെരുമാറ്റം വളരെ ഒന്നാന്തരമായിരിക്കണം. മുഖത്തിൽ നിന്നും സദാ രത്നങ്ങൾ വരണം. കൃഷ്ണ ജയന്തി മനസ്സിലാക്കിക്കൊടുക്കുന്നതിന് വളരെ ശരിയായ സമയമാണ്. ശ്യാമനും സുന്ദരനും എന്നതായിരിക്കണം വിഷയം. കൃഷ്ണനേയും നാരായണനേയും അതുപോലെ രാധയേയും എന്തുകൊണ്ടാണ് കറുത്തതായി കാണിച്ചിരിക്കുന്നത്? ശിവലിംഗമായും കറുത്ത കല്ലാണ് വെയ്ക്കുന്നത്. എന്താ അവർ കറുത്തതാണോ. ശിവബാബ ആരാണ്, പിന്നീട് എന്തുകൊണ്ടാ നിർമ്മിക്കുന്നത്. ഈ കാര്യങ്ങൾ നിങ്ങൾ കുട്ടികൾക്കേ അറിയൂ. കറുത്തതായി എന്തുകൊണ്ടാണ് നിർമ്മിക്കുന്നത്– ഇതിനെക്കുറിച്ച് നിങ്ങൾക്ക് മനസ്സിലാക്കിക്കൊടുക്കാൻ സാധിക്കും. കുട്ടികൾ എന്ത് സേവനമാണ് ചെയ്യുന്നത് എന്നത് ഇപ്പോൾ കാണാൻ കഴിയും. ബാബ പറയുന്നു– ഈ ജ്ഞാനം എല്ലാ ധർമ്മത്തിലുള്ളവർക്കും വേണ്ടിയുള്ളതാണ്. അവരോടും പറയണം ബാബ പറയുന്നു എന്നെ ഓർമ്മിച്ചാൽ നിങ്ങളുടെ ജന്മ ജന്മാന്തരങ്ങളിലെ പാപങ്ങൾ ഇല്ലാതാകും. പവിത്രമായി മാറണം. ആർക്കു വേണമെങ്കിലും രാഖി അണിയിക്കാൻ നിങ്ങൾക്ക് സാധിക്കും. യൂറോപ്പിയൻസിനും അണിയിക്കാം. ആരാണെങ്കിലും അവരോട് പറയണം– ഭഗവാന്റെ വാക്കുകളാണിത്, തീർച്ചയായും ഏതെങ്കിലും ശരീരത്തിലൂടെയല്ലേ പറയുക. പറയുന്നു എന്നെ മാത്രം ഓർമ്മിക്കൂ. ദേഹത്തിന്റെ മുഴുവൻ ധർമ്മങ്ങളേയും ഉപേക്ഷിച്ച് സ്വയം ആത്മാവാണെന്ന് മനസ്സിലാക്കൂ. ബാബ എത്ര മനസ്സിലാക്കിത്തരുന്നു എന്നിട്ടും മനസ്സിലാക്കുന്നില്ലെങ്കിൽ ബാബ കരുതും ഇവരുടെ ഭാഗ്യത്തിലില്ല. ശിവബാബ പഠിപ്പിക്കുകയാണ് എന്ന് മനസ്സിലാക്കിയിട്ടുണ്ടാകും. രഥമില്ലാതെ പഠിപ്പിക്കാൻ സാധിക്കില്ല, സൂചന നൽകാനേ കഴിയൂ. ചില കുട്ടികൾക്ക് മനസ്സിലാക്കിക്കൊടുക്കുന്നതിൽ വളരെ നല്ല പ്രാക്ടീസുണ്ട്. ബാബയും മമ്മയും വളരെ ഉയർന്ന പദവി നേടാൻ പോകുന്നവരാണ് എന്ന് കരുതുന്നു. മമ്മയും സേവനം ചെയ്തിട്ടുണ്ടായിരുന്നല്ലോ. ഈ കാര്യങ്ങളും മനസ്സിലാക്കിക്കൊടുക്കണം. മായയ്ക്കും അനേക പ്രകാരത്തിലുള്ള രൂപങ്ങളുണ്ട്. ഒരുപാടുപേർ പറയാറുണ്ട് എന്നിൽ മമ്മ വരുന്നുണ്ട്, എന്നിൽ ശിവബാബ വരുന്നുണ്ട് എന്ന് പക്ഷേ പുതിയ പുതിയ പോയിന്റ്സ് മുഖ്യമായ ശരീരത്തിലൂടെയേ കേൾപ്പിക്കൂ അല്ലാതെ മറ്റു ശരീരങ്ങളിലൂടെ കേൾപ്പിക്കില്ല. ഇത് അസാധ്യമാണ്. ഇങ്ങനെ കുട്ടികൾ തന്റെ തന്നെ പോയിന്റ്സ് ഒരുപാട് കേൾപ്പിക്കുന്നുണ്ട്. മാഗസീനിൽ എത്ര കാര്യങ്ങൾ വരുന്നു. മമ്മയും ബാബയും അവരുടെ ശരീരത്തിൽ വരുന്നുണ്ട്, അവരാണ് എഴു

തിപ്പിക്കുന്നത് എന്നൊന്നുമല്ല. ബാബ ഇവിടെ നേരിട്ട് വരുന്നു, അതിനാലാണ് ഇവിടേയ്ക്ക് കേൾക്കാനായി വരുന്നത്. അഥവാ മമ്മയും ബാബയും ആരിലെങ്കിലും വരുന്നുണ്ടെങ്കിൽ അവിടെ ഇരുന്ന് അവരിൽ നിന്നും പഠിച്ചാൽ പോരേ. ഇല്ല, ഇവിടേയ്ക്ക് വരാൻ എല്ലാവർക്കും ആകർഷണം ഉണ്ടാകും. ദൂരത്ത് വസിക്കുന്നവർക്കാണ് കൂടുതൽ ആകർഷണം ഉണ്ടാവുക. അതിനാൽ കുട്ടികൾക്ക് ജന്മാഷ്ടമിയിൽ വളരെ അധികം സേവനം ചെയ്യാൻ സാധിക്കും. കൃഷ്ണന്റെ ജന്മം എപ്പോഴാണ് ഉണ്ടായത്, അതും ആർക്കും അറിയില്ല. നിങ്ങളുടെ സഞ്ചി ഇപ്പോൾ നിറയുകയാണ് അതിനാൽ സന്തോഷമായിരിക്കണം. പക്ഷേ ബാബ കാണുന്നുണ്ട് ചിലരിൽ സന്തോഷം തീരെയില്ല. ശ്രീമത്തിലൂടെ നടക്കുകയില്ല എന്ന് ശപഥം ചെയ്തതു പോലെയാണ്. സേവനയുക്തരായ കുട്ടികൾക്ക് സേവനത്തിൽ വളരെ അധികം താല്പര്യം വേണം. ബാബയുടെ സേവനം ചെയ്തില്ല, ആർക്കും വഴി പറഞ്ഞുകൊടുത്തില്ല അതിനാൽ നമ്മൾ അന്ധരായിത്തന്നെ ഇരിക്കുന്നു എന്ന് മനസ്സിലാക്കും. ഇത് മനസ്സിലാക്കേണ്ട കാര്യമല്ലേ. ബാഡ്ജിലും ശ്രീകൃഷ്ണന്റെ ചിത്രമുണ്ട്, ഇത് ഉപയോഗിച്ചും നിങ്ങൾക്ക് മനസ്സിലാക്കിക്കൊടുക്കാം. ആരോട് വേണമെങ്കിലും ചോദിച്ചോളൂ, ഇവരെ എന്തിനാണ് കറുത്തതായി കാണിച്ചിരിക്കുന്നത്, പറയാൻ സാധിക്കില്ല. രാമന്റെ പത്നിയെ തട്ടിക്കൊണ്ടുപോയി എന്ന് ശാസ്ത്രത്തിൽ കാണിച്ചിരിക്കുന്നു. പക്ഷേ ഇങ്ങനെ ഒന്നും സംഭവിക്കുന്നില്ല. നിങ്ങൾ ഭാരതവാസികൾ തന്നെയാണ് സ്വർഗ്ഗത്തിൽ വസിച്ചിരുന്നത്, ഇപ്പോൾ ശ്മശാനത്തിലാണ് വസിക്കുന്നത് വീണ്ടും ജ്ഞാനചിതയിൽ ഇരുന്ന് ദൈവീക ഗുണങ്ങൾ ധാരണ ചെയ്ത് പരിസ്ഥാനികളായി മാറുന്നു. സേവനം കുട്ടികൾ ചെയ്യുക തന്നെ വേണം. എല്ലാവർക്കും സന്ദേശം നൽകണം. ഇതിന് വളരെ അധികം വിവേകം ആവശ്യമാണ്. ഇത്രയും ലഹരി വേണം – ഭഗവാൻ നമ്മെ പഠിപ്പിക്കുകയാണ്. ഭഗവാന്റെ കൂടെയാണ് ഇരിക്കുന്നത്. ഭഗവാന്റെ കുട്ടികളാണ് ഒപ്പം പഠിക്കുന്നുമുണ്ട്. ബോർഡിങ്ങിൽ ആണെങ്കിൽ പിന്നെ പുറത്തു നിന്നുള്ള കൂട്ടുകെട്ട് ഉണ്ടാകില്ല. ഇവിടെയും സ്ക്കൂളുണ്ടല്ലോ. ക്രിസ്ത്യൻസിൽ പിന്നെയും അച്ചടക്കം ഉണ്ടാകും എന്നാൽ ഇപ്പോൾ തീർത്തും അച്ചടക്കം ഇല്ലാത്തവരും പതിതവും തമോപ്രധാനവുമാണ്. ദേവതകൾക്കു മുന്നിൽ ചെന്ന് തല കുമ്പിടുന്നു. അവർക്ക് എത്ര മഹിമയാണ്. സത്യയുഗത്തിൽ എല്ലാവരുടേയും സ്വഭാവം ദൈവീകമായിരുന്നു, ഇപ്പോഴാണെങ്കിൽ ആസുരീയ സ്വഭാവമാണ്. ഇങ്ങനെ ഇങ്ങനെ നിങ്ങൾ പ്രഭാഷണം ചെയ്യൂ എങ്കിൽ കേട്ട് വളരെ അധികം സന്തോഷിക്കും. മുഖം ചെറുത് കാര്യം വലുത്– ഇത് കൃഷ്ണനെക്കുറിച്ചാണ് പറയാറുള്ളത്. ഇത്രയും വലുതായി മാറുന്നതിനായി ഇപ്പോൾ നിങ്ങൾ എത്ര വലിയ കാര്യങ്ങളാണ് കേൾപ്പിക്കുന്നത്, നിങ്ങൾ ആർക്ക് വേണമെങ്കിലും രാഖി അണിയിച്ചോളൂ. ബാബയുടെ ഈ സന്ദേശം എല്ലാവർക്കും നൽകണം. ഈ യുദ്ധം സ്വർഗ്ഗവാതിൽ തുറക്കുന്നതിനായാണ്. ഇപ്പോൾ പതിതത്തിൽ നിന്നും പാവനമായി മാറണം. ബാബയെ ഓർമ്മിക്കണം. ദേഹധാരിയെ ഓർമ്മിക്കരുത്. സർവ്വരുടേയും സദ്ഗതി ചെയ്യുന്നത് ഒരേയൊരു ബാബയാണ്. ഇത് ഇരുമ്പു യുഗമാണ്. നിങ്ങൾ കുട്ടികളുടെ ബുദ്ധിയിലും നമ്പർവൈസ് പുരുഷാർത്ഥം അനുസരിച്ചാണ് ധാരണയുണ്ടാകുന്നത്, സ്ക്കൂളിലും സ്കോളർഷിപ്പ് നേടുന്നതിന് വളരെ അധികം പരിശ്രമിക്കുന്നു. ഇവിടെയും എത്ര വലിയ സ്കോളർഷിപ്പാണ്. സേവനം ഒരുപാടുണ്ട്. മാതാക്കൾക്കും ഒരുപാട് സേവനം ചെയ്യാൻ സാധിക്കും, ചിത്രങ്ങളും എടുക്കൂ. കൃഷ്ണന്റേയും നാരായണന്റേയും രാമചന്ദ്രന്റേയും കറുത്ത ചിത്രങ്ങൾ എടുക്കൂ, ശിവബാബയുടേതും കറുത്തതാണ്...... പിന്നീട് ഇരുന്ന് മനസ്സിലാക്കിക്കൊടുക്കൂ. ദേവതകളെ എന്തുകൊണ്ടാണ് കറുപ്പിച്ചിരിക്കുന്നത്? ശ്യാമ സുന്ദരൻ. ശ്രീനാഥിലേയ്ക്ക് പോയാൽ തീർത്തും കറുത്ത ചിത്രങ്ങളാണ്. അതിനാൽ ഇങ്ങനെ ഇങ്ങനെയുള്ള ചിത്രങ്ങൾ ശേഖരിക്കണം. നിങ്ങളുടെ പക്കലുള്ളതും കാണിക്കണം. ശ്യാമ സുന്ദരന്റെ അർത്ഥം മനസ്സിലാക്കിക്കൊടുത്തുകൊണ്ട് പറയൂ നിങ്ങൾ ഇപ്പോൾ രാഖി അണിയൂ, കാമചിതയിൽ നിന്നും എഴുന്നേറ്റ് ജ്ഞാനചിതയിൽ ഇരുന്നാൽ വെളുത്തതായി മാറും. ഇവിടെയും നിങ്ങൾക്ക് സേവനം ചെയ്യാൻ സാധിക്കും. പ്രഭാഷണം വളരെ നല്ലരീതിയിൽ ചെയ്യാൻ സാധിക്കും എന്തുകൊണ്ടാണ് ഇവരെ കറുപ്പിച്ചിരിക്കുന്നത്! ശിവലിംഗത്തേയും എന്തുകൊണ്ടാണ് കറുപ്പിച്ചത്! സുന്ദരനെന്നും ശ്യാമനെന്നും എന്തുകൊണ്ടാണ് പറയുന്നത്, ഞങ്ങൾ മനസ്സിലാക്കിത്തരാം. ഇതിൽ ആരും പിണങ്ങില്ല. സേവനം വളരെ സഹജമാണ്. ബാബ മനസ്സിലാക്കിത്തന്നുകൊണ്ടിരിക്കുന്നു– കുട്ടികളേ, നല്ല ഗുണങ്ങൾ ധാരണ ചെയ്യൂ, കുലത്തിന്റെ പേരിനെ പ്രശസ്തമാക്കൂ. നിങ്ങൾക്ക് അറിയാം ഇപ്പോൾ നമ്മൾ ഉയർന്നതിലും ഉയർന്ന ബ്രാഹ്മണ കുലത്തിലേതാണ്. പിന്നെ രക്ഷാബന്ധനത്തിന്റെ അർത്ഥം ആർക്കു വേണമെങ്കിലും മനസ്സിലാക്കിക്കൊടുക്കാൻ നിങ്ങൾക്ക് സാധിക്കും. വേശ്യകൾക്കും മനസ്സിലാക്കിക്കൊടുത്ത് രാഖി അണിയിക്കാൻ സാധിക്കും. ചിത്രവും കൂടെയുണ്ടാവണം. ബാബ പറയുന്നു എന്നെ മാത്രം ഓർമ്മിക്കൂ– ഈ ആജ്ഞ അനുസരിക്കുന്നതിലൂടെ നിങ്ങൾ വജ്രസമാനമായി മാറും. വളരെ അധികം യുക്തികളുണ്ട്. ആരും പിണങ്ങില്ല. ഒരു മനുഷ്യനാലും ആർക്കും സദ്ഗതി നൽകാൻ കഴിയില്ല അത് ഒരാൾക്ക് മാത്രമേ കഴിയൂ. രക്ഷാബന്ധനത്തിന്റെ ദിവസം ആകണമെന്നില്ല നിങ്ങൾക്ക് എപ്പോൾ വേണമെങ്കിലും രാഖി അണിയിക്കാം. ഇവിടെ അർത്ഥം മനസ്സിലാക്കി കൊടുക്കുകയാണ് വേണ്ടത്. എപ്പോൾ വേണമെങ്കിലും രാഖി അണിയിക്കാവുന്നതാണ്. പള്ളിയിൽ ചെന്ന് അവർക്ക് മനസ്സിലാക്കി കൊടുക്കാനും നിങ്ങൾക്ക് സാധി

ക്കും. ഞങ്ങൾ രക്ഷ അണിയിക്കാനായി വന്നതാണ്. ഈ കാര്യങ്ങൾ മനസ്സിലാക്കാൻ നിങ്ങൾക്കും അവകാശമുണ്ട്. ബാബ പറയുന്നു എന്നെ ഓർമ്മിക്കൂ എങ്കിൽ പാപം ഇല്ലാതാകും, പാവനമായി മാറി പാവനമായ ലോകത്തിന്റെ അധികാരിയായി മാറും. ഇപ്പോൾ പതിത ലോകമല്ലേ. സ്വർണ്ണിമയുഗം തീർച്ചയായും ഉണ്ടായിരുന്നു, ഇപ്പോൾ ഇരുമ്പു യുഗമാണ്. നിങ്ങൾക്ക് സ്വർണ്ണിമ യുഗത്തിലേയ്ക്കും ഭഗവാന്റെ അടുത്തേയ്ക്കും പോകണ്ടേ? ഇങ്ങനെ കേൾപ്പിച്ചാൽ പെട്ടെന്ന് വന്ന് കാലിൽ വീഴും. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് മനസ്ക്കാരം.

### ധാരണയ്ക്കുള്ള മുഖ്യസാരം-

1). ജ്ഞാനരത്നങ്ങളുടെ സാഗരനിൽ നിന്നും ലഭിക്കുന്ന അവിനാശിയായ ജ്ഞാനരത്നങ്ങൾക്ക് മൂല്യം നൽകണം. വിചാര സാഗര മഥനം ചെയ്ത് ജ്ഞാനരത്നങ്ങൾ സ്വയത്തിൽ ധാരണ ചെയ്യണം. മുഖത്തിൽ നിന്നും സദാ രത്നങ്ങൾ വരണം.

2). ഓർമ്മയുടെ യാത്രയിൽ ഇരുന്ന് വാക്കുകളിൽ മൂർച്ച വരുത്തണം. ഓർമ്മയിലൂടെയാണ് ആത്മാവ് സ്വർണ്ണമായി മാറുന്നത് അതിനാൽ ഓർമ്മിക്കുന്നതിനുള്ള വിവേകം ഉണ്ടാകണം.

### വരദാനം : സൂക്ഷ്മ സ്വരൂപത്തിലുള്ള ഞാനെന്ന ഭാവത്തിനെ പോലും ത്യാഗം ചെയ്യുന്ന സദാ നിർഭയ, ചിന്തയില്ലാത്ത ചക്രവർത്തിയായി ഭവിക്കട്ടെ.

ഇന്നത്തെ കാലത്ത് ധനവും ഉണ്ട് അതോടൊപ്പം ഭയവും ഉണ്ട് എത്ര ധനം ഉണ്ടോ അത്രത്തോളം ഭയവും ഉണ്ടായിരിക്കും ഭയത്തോടെയാണ് കഴിക്കുകയും ഉറങ്ങുകയും ചെയ്യുന്നത് എവിടെ എന്റേത് എന്ന ഭാവം ഉണ്ടോ അവിടെ ഭയവും തീർച്ചയായും ഉണ്ടായിരിക്കും സ്വർണ്ണ മാൻ പോലും എന്റേതാണെങ്കിൽ അവിടെ ഭയം തീർച്ചയായും ഉണ്ടായിരിക്കും പക്ഷേ എന്റേത് എന്നുള്ളിടത്ത് എന്റെ ഒരേ ഒരു ശിവബാബ എന്ന് വിചാരിക്കുകയാണെങ്കിൽ നിർഭയരായിരിക്കും അപ്പോൾ സൂക്ഷ്മ രൂപത്തിലുള്ള എന്റെ -എന്റെ എന്നുള്ളത് പോലും ചെക്ക് ചെയ്ത് അതിനെ ത്യാഗം ചെയ്യൂ എങ്കിൽ നിർഭയരും ചിന്തയില്ലാത്ത ചക്രവർത്തി ആയിരിക്കുവാനുള്ള വരദാനം ലഭിക്കും.

### സ്ലോഗൻ: മറ്റുള്ളവരുടെ വിചാരങ്ങൾക്ക് ആദരവ് നൽകു, എങ്കിൽ താങ്കൾക്ക് ആദരവ് സ്വതവേ പ്രാപ്തമാകും

**അവ്യക്ത സൂചന: സഹജയോഗിയായി മാറുന്നതിനു വേണ്ടി പരമാത്മ സ്നേഹത്തിന്റെ അനുഭവിയായി മാറു.**

ഒരു ഭാഗത്ത് പരിധിയില്ലാത്ത വൈരാഗ്യവും മറു ഭാഗത്ത് ബാബയ്ക്ക് സമാനം ബാബയുടെ സ്നേഹത്തിൽ അലിഞ്ഞിരിക്കു ഒരു സെക്കൻഡ് പോലും അല്ലെങ്കിൽ ഒരു സങ്കല്പം പോലും ഈ ലൗ ലീന അവസ്ഥയിൽ നിന്നും താഴേക്ക് പോകരുത് ഇങ്ങനെയുള്ള ലൗലീനമായ കുട്ടികളുടെ സംഘടന ബാബയെ പ്രത്യക്ഷമാക്കുന്നു. നിങ്ങൾ നിമിത്തമായ ആത്മാക്കൾ പവിത്രത പ്രേമം അതോടൊപ്പം തന്റെ പ്രാപ്തികളാലും എല്ലാവർക്കും ശ്രേഷ്ഠ പാലന നൽകു, യോഗ്യമാക്കൂ അർത്ഥം യോഗിയാക്കൂ.